# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2054** **09-12-2022 - ൽ മറുപടിയ്ക്ക്**

### കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം വൃദ്ധ സദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധ സദനത്തിന്റെ രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രൊപോസൽ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | **കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിനായി പണിയുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ബാരിയർ ഫ്രീ ടെക്നിക്കൽ സെല്ലിന്റെ അഭിപ്രായം തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വൃദ്ധസദനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും പ്ലാനും തയ്യാറാക്കി ഏജൻസി ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തി പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് detailed എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.** |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വൃദ്ധ സദനം പ്രവർത്തന സജ്ജമാക്കാനും കോട്ടയം ജില്ലാ വൃദ്ധസദനമായി അംഗീകരിക്കാനും സാമൂഹ്യ നീതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ലാ വൃദ്ധസദനമാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ; | (ബി) | **കോട്ടയത്തെ സർക്കാർ വൃദ്ധമന്ദിരത്തിനായി പണിയുന്ന കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പ്രസ്തുത കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമേ വയോജനങ്ങൾക്ക് അവകാശ അധിഷ്ഠിത സേവനങ്ങൾ നൽകുന്നതിനു അധിക സൗകര്യങ്ങൾ ആവശ്യമാണ് എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. മുളക്കുളം പഞ്ചായത്തിലെ സർക്കാർ വൃദ്ധമന്ദിരത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കോട്ടയം വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.** |
| (സി) | ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ | (സി) | **കോട്ടയം ജില്ലയിൽ വകുപ്പിന് കീഴിൽ തിരുവഞ്ചൂരിൽ** |

| | | | |
|---|---|---|---|
| | ജീവനക്കാരെ നിയമിക്കാൻ സാമൂഹ്യ നീതി വകുപ്പ് നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലാ വൃദ്ധസദനം മുളക്കുളത്തേക്ക് മാറ്റുന്നത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | | **സർക്കാർ വൃദ്ധസദനം പ്രവർത്തിച്ചു വരുന്നു. മുളക്കുളം പഞ്ചായത്തിൽ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കോട്ടയം വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റുവാൻ കഴിയും. കോട്ടയത്ത് തിരുവഞ്ചൂരിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ വൃദ്ധസദനത്തിലെ ജീവനക്കാരുടെ സേവനം മുളക്കുളത്തും തുടരുന്നതാണ്.** |
| (ഡി) | ഇപ്പോൾ നിർമ്മാണം പൂർത്തിയായ വൃദ്ധസദനത്തിൽ സാമൂഹ്യ നീതി വകുപ്പ് അടിസ്ഥാന സൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച മുളക്കുളം വൃദ്ധസദനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ